(സി) സംസ്ഥാനത്തെ കർഷകർക്കായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നെല്ല്-പച്ചക്കറി തുടങ്ങിയ വിളകളുൾപ്പെടെ എല്ലാത്തരം കാർഷിക വായ്പകളും കുറഞ്ഞ പലിശ നിരക്കിൽ വിതരണം ചെയ്തു വരുന്നു. ഇപ്പോൾ ഇത് 7% ആയി നിജപ്പെടുത്തിയിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കി വരുന്നു. ആയത് പ്രകാരം സഹകരണ സംഘങ്ങൾ സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി കർഷകർക്ക് നെൽക്കൃഷിക്കായി വിതരണം ചെയ്യുന്നു. വായ്പയുടെ പലിശ കർഷകർക്ക് ഇളവ് ചെയ്തു കൊടുക്കുകയും ബാദ്ധ്യത സർക്കാർ വഹിക്കുകയും ചെയ്യുന്നു. കൂടാതെ പച്ചക്കറി കൃഷിക്കുൾപ്പെടെ കർഷകർ എടുത്തിട്ടുള്ള ഹ്രസ്വകാല കാർഷിക വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ 2% പലിശ ഇളവ് നൽകുന്നു. ഇതിനു പുറമേ 2 ഏക്കർ വരെ കൃഷി ഭൂമിയുള്ള കർഷകർ എടുക്കുന്ന 25,000 രൂപ വരെയുള്ള കാർഷിക വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ പ്രോത്സാഹനമായി മുതലിന്റെ 5% ഇൻസെന്റീവ് ആയി അനുവദിക്കുന്നു.

(ഡി) നിർദ്ധനരായവരും, യാതൊരു വിധത്തിലും ജാമ്യം നൽകാൻ കഴിയാത്തവരുമായവർക്ക് അവരുടെ വിവിധ ആവശ്യങ്ങൾക്ക് പ്രത്യേക ജാമ്യ വ്യവസ്ഥകൾ ഒന്നും തന്നെ ഇല്ലാതെ 10,000 രൂപ വരെ വായ്പ നൽകുന്ന പദ്ധതി സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന ആവിഷ്കരിച്ചിട്ടുണ്ട്. നിർദ്ധനരായ യുവതീയുവാക്കളുടെ വിവാഹത്തിന് 25,000 രൂപ വരെ വായ്പ നൽകുന്ന മംഗല്യസൂത്ര വായ്പാ പദ്ധതി നടപ്പാക്കുകയുണ്ടായി. നിർദ്ധനർക്കായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ഇ.എം.എസ് ഭവന പദ്ധതി, എം.എൻ. ഭവന പദ്ധതി എന്നിവയ്ക്ക് ആവശ്യമായ മുഴുവൻ തുകയും സഹകരണ മേഖലയിൽ നിന്നും വായ്പയായി അനുവദിക്കുന്നു. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരും സഹകരണസംഘങ്ങൾ/ബാങ്കുകളിൽ നിന്നും എടുക്കുന്ന കാർഷികേതര വായ്പാകൾക്ക് സാധാരണ പലിശ നിരക്കിൽ നിന്നും 2% കുറവായാണ് നിജപ്പെടുത്തിയിട്ടുള്ളത്.

പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദുർബ്ബലാവസ്ഥയിലുള്ള സംഘങ്ങൾക്ക് സഹായങ്ങൾ

15 (2287) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുർബ്ബലാവസ്ഥയിലുള്ള സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തൊട്ടാകെയുള്ള എത്ര ദുർബ്ബല സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് സഹായം നൽകാനായി എന്നറിയിക്കുമോ ;

(ബി) പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ദുർബ്ബലാവസ്ഥയിലുള്ള സംഘങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത് എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതിപ്രകാരം സംസ്ഥാനത്ത് 51 സഹകരണ സംഘങ്ങൾക്കും 2009-10 വർഷത്തിൽ പീഡിത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച ധനസഹായ തുക 201 സംഘങ്ങൾക്കും 2009-10, 2010-11 വർഷങ്ങളിൽ സഹകരണ നവരത്നം കേരളീയം ലോട്ടറി ഫണ്ടിൽ നിന്നും ധനസഹായം മുഖേന 94 സഹകരണ സംഘങ്ങൾക്കും 2008-09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതിയിനത്തിൽ 2 സംഘങ്ങൾക്കും പദ്ധതിയേതരയിനത്തിൽ 12 കക്ക സഹകരണ സംഘങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് ദുർബ്ബല സംഘങ്ങൾക്കുള്ള ധനസഹായപദ്ധതി പ്രകാരം 10 സഹകരണ സംഘങ്ങൾക്കു കൂടി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ദുർബ്ബലവും എന്നാൽ ശക്തിയാർജ്ജിക്കുവാൻ സാദ്ധ്യതയുള്ളതുമായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രോജക്ട് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ (അപ്പക്സ് സഹകരണ സംഘങ്ങൾ ഉൾപ്പെടെ) ഷെയർ, ലോൺ, സബ്സിഡി ഇനങ്ങളിൽ ധനസഹായം നൽകി വരുന്നു. പീഡിത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതിപ്രകാരം ഷെയർ, ലോൺ, സബ്സിഡി ഇനങ്ങളിൽ 2009-10 വർഷത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. സഹകരണ നവരത്നം കേരളീയം ലോട്ടറി ഫണ്ടിൽ നിന്നും ഓഹരി ഇനത്തിൽ സംഘങ്ങൾക്ക് ധനസഹായം നൽകുന്നു. സാഹിത്യ പ്രവർത്തക സഹകരണ സംഘം, ദുർബ്ബല കാർഷിക സഹകരണ യൂണിറ്റുകളുടെ പുനരുദ്ധാരണം, പ്രാഥമിക വിപണന സംഘങ്ങളുടെ ഓഹരി മൂലധനശേഷി ശക്തിപ്പെടുത്തുക, ദുർബ്ബല വിപണന സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു.

സഹകരണ റിസ്ക് ഫണ്ട് നിലവിൽവരുമുമ്പ് മരിച്ചുപോയവരുടെ വായ്പ എഴുതിത്തള്ളാൻ പദ്ധതി

16 (2288) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ റിസ്ക് ഫണ്ട് നിലവിൽവരും മുമ്പ് മരിച്ചുപോയവരുടെ വായ്പ എഴുതിത്തള്ളുന്നതിനുള്ള നടപടി ഏതുവരെയായി എന്നറിയിക്കുമോ ;

(ബി) ഈ സ്കീമിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ 1258-ലെ 13553-ാം നമ്പർ അംഗം ബിഫിൻ, കെ. സി. 11700-ാം നമ്പരായി 24-7-2008-ൽ എടുത്ത കാർഷിക വായ്പ, ടിയാൻ 19-2-2009-ൽ വാഹനാപകടത്തിൽ മരണപ്പെട്ടതിനാൽ, എഴുതിത്തള്ളുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly